**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പെൻഷന് തുക മാറ്റി വയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ എം വിൻസെന്റ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി വരുമാനത്തിന്റെ പത്ത് ശതമാനത്തോളം മാറ്റി വയ്ക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നോ; | (എ) | ഉത്തരവിട്ടിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ബഹു. ഹൈക്കോടതി ഉത്തരവനുസരിച്ച് വരുമാനത്തിന്റെ 10% തുക പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റിവയ്ക്കുന്നുണ്ടെങ്കിലും കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനത നിമിത്തം ഇന്ധന ചെലവുൾപ്പെടെയുള്ള ചെലവുകൾക്കായി ടി തുക കൂടി വകമാറ്റുന്നതിനാലാണ് പ്രസ്തുത ഉത്തരവ് പൂർണ്ണമായും പാലിക്കാൻ കഴിയാത്തത്. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യത്തിന് തുക മാറ്റി വയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ബഹു.ഹൈക്കോടതി പെൻഷൻ വിതരണത്തിനായി മാറ്റിവച്ച തുക പ്രസ്തുത ആവശ്യത്തിലേക്ക് മാത്രം വിനിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ടി ഉത്തരവ് പാലിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ